"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- കൊല്ലം കോർപ്പറേഷനിൽ ചിന്നക്കടയിൽ ഭാഗികമായി പൂർത്തീകരിച്ച അമിനിറ്റി സെന്ററിന് വേണ്ടി ഭാഗികമായി പൂർത്തീകരിച്ച കെട്ടിടം വഴിയോര വിശ്രമകേന്ദ്രമാക്കി മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1736/2024/LSGD തീയതി,തിരുവനന്തപുരം, 21-09-2024

പരാമർശം:-

1. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ21/08/2023, 26/10/2023, 04/01/2024 -ലെ PC4/25890/17 -നമ്പർ കത്ത്
2. കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023 ലെ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 26/10/2023 & 04/01/2024 എന്നീ തീയതികളിലെ തീരുമാനങ്ങൾ
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024 -ലെ 2.5 ഖണ്ഡിക 4.13 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

കൊല്ലം കോർപ്പറഷൻ 2018-2019 വർഷം ചിന്നക്കട ക്ലോക്ക് ടവറിനു സമീപം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി (പ്രോജക്ട് നമ്പർ 774/18 അടങ്കൽ തുക) പ്രോജക്ട് എടുക്കുകയും, 80.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ പ്രവൃത്തി ഏല്പിക്കുകയും ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ്, ഒന്നാം നിലയുടെ പില്ലറുകൾ വരെ സ്ട്രക്ചറൽ വർക്ക് പൂർത്തിയാക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ കെട്ടിടം മാസ്റ്റർ പ്ലാൻ പ്രകാരം നാഷണൽ ഹൈവേയുടെ 25 മീറ്റർ വൈഡനിംഗിൽ ഉൾപ്പെടുന്നതിനാലും , Kerala Municipality Building Rules (KMBR) ചട്ടത്തിനനുസൃതമല്ലാത്തതിനാലും ,ചട്ടത്തിൽ ഇളവനുവദിക്കാൻ കഴിയാത്തതിനാലും നിർമ്മാണം നിർത്തിവെച്ചിരിക്കുന്ന ഈ കെട്ടിടത്തിന്റെ നിർ മ്മാണത്തിനായി **17,41,884/- (പതിനേഴ് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി എൺപത്തിനാല്) രൂപ** ചെലവഴിച്ചിട്ടുള്ളതായും ഇനി **1,91,809/- ( ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി എണ്ണൂറ്റി ഒൻപത്) രൂപ** കൂടി നിർമ്മാണ ഏജൻസിക്ക് നൽകാനുണ്ടെന്നും നിർമ്മാണം നിർത്തിവച്ചിരിക്കുന്ന ഈ കെട്ടിടം ജനോപകാരപ്രദമായ രീതിയിൽ നിർമ്മിച്ച് വഴിയോരവിശ്രമകേന്ദ്രമാക്കി മാറ്റാൻ അനുമതി നൽ കണമെന്നുമുള്ള **പരാമർശം (1)** പ്രകാരമുള്ള കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ അപേക്ഷ 26/10/2023, 04/01/2024, എന്നീ തീയതികളിൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി അർബൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.

2) ഇക്കാര്യത്തിൽ **പരാമർശം (2)** ൽ വ്യക്തമാക്കിയ ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ട് പ്രകാരം ചിന്നക്കടയിൽ നിർമ്മിച്ച അമിനിറ്റി സെന്ററിന്റെ നിർമ്മാണത്തിൽ പല രീതിയിലുള്ള ചട്ടലംഘനം

ഉണ്ടായിട്ടുണ്ട് എങ്കിലും നിർമ്മാണം നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണെന്നതും യാത്രക്കാർക്ക് യാത്രാവേളയിൽ ശുചീകരണ സൗകര്യം ഉറപ്പാക്കാനാണ് ഇപ്പോൾ ഇത് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നതും പരിഗണിച്ച് റോഡ് വികസനം വരുന്ന മുറയ്ക്ക് ഈ നിർമ്മാണം പൊളിച്ചു നീക്കേണ്ടതാണെന്ന വ്യവസ്ഥയോടെ അനുമതി നൽകാമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. **പരാമർശം (4)** ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി 2.5-4.13 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അമിനിറ്റി സെന്ററിന്റെ നിർമ്മാണത്തിൽ ഉണ്ടായ ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് കൊല്ലം കോർപ്പറേഷന് നിർദ്ദേശം നൽകിയും, കൊല്ലം കോർപ്പറേഷനിൽ ചിന്നക്കടയിൽ അമിനിറ്റി സെന്ററിനായി ഭാഗികമായി പൂർത്തീകരിച്ച കെട്ടിടം റോഡ് വികസനം വരുന്ന മുറയ്ക്ക് പൊളിച്ചു നീക്കേണ്ടതാണെന്ന വ്യവസ്ഥയോടെയും ജനോപകാരപ്രദമായ രീതിയിൽ നിർമ്മിച്ച് വഴിയോര വിശ്രമകേന്ദ്രമാക്കി മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
കൺവീനർ, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ് , പ്ലാനിംഗ് ബോർഡ് , തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്, കേരളം, തിരുവനന്തപുരം)
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വിംഗ്),ഐ&പി.ആർ.ഡി
കരുതൽ ഫയൽ/(LSGD-DB1/257/2024)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 23-09-2024 14:49:29